എം.എൽ.എ യെത്തന്നെ രണ്ടുപ്രാവശ്യം അറിയിച്ചു; റോഡിനു് സ്ഥലം കിട്ടുന്നില്ല എന്നു്. നമ്മുടെ പ്രതിപക്ഷ നേതാവു് ശ്രീ. നായനാർ തന്നെ അദ്ദേഹത്തിന്റെ റോഡു് ഏറ്റെടുത്തില്ല എന്നു് ആക്ഷേപം ഈ സഭയിൽ ഉന്നയിച്ചു. ഞാൻ അന്നു് മറുപടി പറഞ്ഞതു് ആ റോഡു് ഏറ്റെടുത്തു് വിട്ടുതരാൻ പഞ്ചായത്തുകാർ തയ്യാറല്ല എന്നാണു്. അതിന്റെ അടിസ്ഥാനത്തിൽ റോഡു് മാറ്റിത്തന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ റോഡു് ഉൾപ്പെടെ ശ്രീ. ഇസ്മയിലിന്റെ റോഡു് ഒഴികെ പാലക്കാടു് ജില്ലയിൽ ഉള്ള എല്ലാ റോഡുകളും ഏറ്റെടുത്തു കഴിഞ്ഞു. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ ആദ്യം തന്ന റോഡു് ഏറ്റെടുക്കുകയാണെങ്കിൽ എസ്റ്റിമേറ്റു് എന്റെ കൈയിലുണ്ടു്. ഞാൻ ഉടനേ അനുമതി നൽകാം. അതുപോലെതന്നെ രണ്ടാമതു് പറഞ്ഞ റോഡു് ആദ്യം തന്ന നീളത്തിലുള്ള റോഡു് ഇപ്പോഴതന്നെ വിട്ടുതരാൻ തയ്യാറാണെങ്കിൽ ഇപ്പോഴതന്നെ അനുമതി നൽകാം. അല്ലെങ്കിൽ അതിന്റെ സാങ്കേതികവും മറ്റുമായുള്ള പരിശോധനകൾ കഴിയാൻ അൽപ്പംകൂടി സാവകാശം വേണ്ടിവരും.

(8) അഴീക്കോടു്, ശാന്തിപുരം ഗവൺമെന്റു് ആയുർവ്വേദാശുപത്രികളുടെ ശോചനീയാവസ്ഥ

ശ്രീ. വി.കെ. രാജൻ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അഴീക്കോടു് ഗവൺമെന്റു് ആയുർവ്വേദ ആശുപത്രി, ശാന്തിപുരം ഗവൺമെന്റു് ആശുപത്രി എന്നിവയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. വർഷങ്ങൾക്കുമുമ്പു് പണി തീർത്ത ഒരു കെട്ടിടത്തിലാണു് അഴീക്കോടു് ആശുപത്രി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതു്. ഏതു് സമയത്തും ഇടിഞ്ഞു പൊളിഞ്ഞു വീഴും എന്ന സ്ഥിതിയാണു്. ആ കെട്ടിടത്തിനുള്ളതു്. മഴ പെയ്താൽ വെള്ളം പുറത്തു പോകുകയില്ല, മുഴുവൻ അകത്തു് വീഴുകയാണു്. അതിന്റെ ഫലമായി അവിടെ രോഗികൾക്കു് കിടക്കാൻ സാധിക്കുന്നില്ല. കട്ടിൽ എല്ലാം തുരുമ്പു് പിടിച്ചിരിക്കുന്നു. അവിടെ ആവശ്യത്തിനു് മരുന്നില്ല, സ്റ്റാഫില്ല, ഇതാണു് അഴീക്കോടു് ആശുപത്രിയുടെ സ്ഥിതി. അതു് ആദ്യം വാടകക്കെട്ടിടത്തിലായിരുന്നു, പിന്നീടു് ആ സ്ഥലം ഗവൺമെന്റിനെ ഏൽപ്പിച്ചതായി ഞാൻ മനസ്സിലാക്കുന്നു. അപ്പോൾ അടിയന്തിരമായി അവിടെ ഒരു കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിക്കണം.

ശാന്തിപുരം ആശുപത്രിക്കുവേണ്ടി നാട്ടുകാർ നല്ലൊരു കെട്ടിടം പണിതു് കൊടുത്തിട്ടുണ്ടു്. അതിനു് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടു്. അതു് റിപ്പയർ ചെയ്യുന്നില്ല. അവിടെ ധാരാളം രോഗികൾ വരുന്ന ഒരു സ്ഥലമാണു്. അവിടെ മരുന്നില്ല. രണ്ടു് ആശുപത്രികളും കടലോരപ്രദേശത്തുള്ള ആശുപത്രികളാണു്. അവിടേയ്ക്കു് ആവശ്യമായ മരുന്നു്, സ്റ്റാഫു് എന്നിവ അടിയന്തിരമായി എത്തിച്ചു കൊടുക്കണം. ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പണിയണം. അതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ രണ്ടു് ആശുപത്രികൾക്കും 1985–86–ലേക്കുള്ള മരുന്നു് ഗവൺമെന്റു് സപ്ലൈ ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. ഇഴീക്കോട് ഗവൺമെന്റ് ആയുർവ്വേദാശുപത്രിയെ സംബന്ധിച്ചിടത്തോളം അതിന്റെ അറ്റകുറ്റപ്പണികളും തീർക്കാൻ വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ തവണ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴേതന്നെ ആ നിർദ്ദേശം കൊടുത്തതാണ്. അതിന്റെ വർക്ക് നടക്കുന്നുണ്ട്. ശാന്തിപുരം ആയുർവ്വേദാശുപത്രിയിൽ കുടിവെള്ളം ഇല്ല എന്നുള്ള പരാതിയെത്തുടർന്ന് 32,500 രൂപയുടെ ഒരു എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിട്ടുണ്ട്. അതിന്റെ വർക്ക് ഉടനെ നടക്കുന്നതാണ്. ഏതായാലും മരുന്നിനെ സംബന്ധിച്ചിടത്തോളം രണ്ട് വർഷത്തേക്കുള്ള അലോട്ട്മെന്റ് അവിടെ കൊടുത്തുകഴിഞ്ഞു.

(9) പീച്ചി വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അനാഥാവസ്ഥ

ശ്രീ. രാഘവൻ പൊഴക്കടവിൽ: തൃശ്ശൂർ ജില്ലയിലെ പീച്ചി ടൂറിസ്റ്റ്. കേന്ദ്രത്തിന്റെ അനാഥാവസ്ഥയെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ഏക ടൂറിസ്റ്റ് കേന്ദ്രമാണ് പീച്ചി. ഈ കേന്ദ്രം എന്റെ നിയോജകമണ്ഡലത്തിലാണ്. മദ്ധ്യകേരളത്തിന്റെ സൗന്ദര്യറാണി എന്നാണ് പീച്ചിയെ വിശേഷിപ്പിക്കാറുള്ളത്. കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളും അവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കേന്ദ്രം ഒരു ഒന്നാംകിട ടൂറിസ്റ്റ് കേന്ദ്രമാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു വരുന്ന വിനോദസഞ്ചാരികൾക്ക് താമസിക്കാൻപോലും സ്ഥലമില്ല. അവിടേക്ക് ഓടിക്കൊണ്ടിരുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് പോലും ഇപ്പോൾ ഓടുന്നില്ല. ഇത്രയും പ്രധാനപ്പെട്ട പീച്ചി ടൂറിസ്റ്റ് കേന്ദ്രത്തോട് ഈ ഗവൺമെന്റ് ഒരു ചിറ്റമ്മനയമാണ് അനുവർത്തിച്ചു വരുന്നത്. തൃശ്ശൂരുള്ള മൃഗശാല പീച്ചിയിലേക്ക് മാറ്റാനും ആലോചിച്ചു വരുന്നു. അവിടെ ഒരു പക്ഷി സങ്കേതവും ആരംഭിക്കേണ്ടതുണ്ട്. നമ്മുടെ ബഡ്ജറ്റിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കോംപ്ലക്സ് പണിയുന്നതിനുള്ള പദ്ധതി ഉണ്ടായിട്ടും അത് നടപ്പാക്കാതിരിക്കുകയാണ്. അത് പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പീച്ചിയെ ഒന്ന് രക്ഷിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്റ്റേറ്റിലെ ഒരു സ്ഥലവും വിനോദസഞ്ചാരകേന്ദ്രമായി ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. എതായാലും വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പല സംവിധാനങ്ങളും ഇപ്പോൾ പീച്ചിയിൽ നിലവിലുണ്ട്. വിനോദസഞ്ചാരികൾക്ക് താമസിക്കാനുള്ള സൗകര്യമുണ്ട്, ക്ഷേണത്തിനുള്ള സൗകര്യമുണ്ട്, നല്ലൊരു റസ്റ്റ്ഹൗസ് അവിടെയുണ്ട്. വിനോദസഞ്ചാരികൾക്ക് വേണ്ട സൗകര്യങ്ങൾ സാധാരണയായി ചെയ്തു വരുന്നുണ്ട്. ഇന്നിപ്പോൾ അവിടെ ടൂറിസ്റ്റുകളെ അട്രാക്ട് ചെയ്യാനാവശ്യമായ പല സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ട്. ബൊട്ടാണിക്കൽ ഗാർഡൻ, പാർക്ക് മുതലായവ ഉണ്ട്. ശനിയും ഞായറും ദിവസങ്ങളിൽ ഇലുമിനേഷൻ ഉണ്ട്. നീന്തൽക്കുളമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly